സ്പിരിറ്റ് കടത്തിയതിന് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

32 [3894] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. റ്റി. ഡി. സതീശൻ:
,, *ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഇതുവരെ അനധികൃതമായി സ്പിരിറ്റ് കടത്തിയ എത്ര കേസ്സുകൾ പിടിച്ചു;

(ബി) അനധികൃതമായി സ്പിരിറ്റ് കടത്തിയ എത്ര പേരെ പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) അനധികൃതമായി കടത്തുന്ന സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തുവാൻ എന്തു നടപടികളാണെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷം ഇതുവരെ സ്പിരിറ്റു കടത്തിയതു സംബന്ധിച്ച് എത്ര ഉറവിടങ്ങൾ കണ്ടെത്തി?

ഉത്തരം

(എ) 24 കേസ്സുകൾ.

(ബി) 33 പേരെ പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കർശനമായ വാഹനപരിശോധന നടത്തിയും ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയും, രഹസ്യവിവരങ്ങൾ ശേഖരിച്ച് സ്പിരിറ്റ് കടത്താൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ റെയിഡുകൾ നടത്തിയും അനധികൃതമായി കടത്തുന്ന സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉറവിടങ്ങൾ കണ്ടെത്തിയിട്ടില്ല.

സംസ്ഥാനത്ത് നിലവിലുള്ള കള്ളുഷാപ്പുകൾ, വിദേശമദ്യ ഷാപ്പുകൾ, ബിയർ പാർലറുകൾ

33 [3895] *ശ്രീ. കെ. ബാബു:*
,, *ഡി. സുഗതൻ:*
,, *എൻ. ഡി. അപ്പച്ചൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. എ. ചന്ദ്രശേഖരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കള്ള് ഷാപ്പുകളും ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ചില്ലറ വില്പന ഔട്ട്‌ലെറ്റുകളും ബാർ ഹോട്ടലുകളും പ്രവർത്തിക്കുന്നു;

(ബി) എത്ര ബിയർ/വൈൻ പാർലറുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള എത്ര ബാർ ഹോട്ടലുകൾ, ബിയർ/വൈൻ പാർലറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 4367 കള്ള് ഷാപ്പുകളും 351 വിദേശമദ്യ ചില്ലറ വില്പനശാലകളും 513 ബാർ ഹോട്ടലുകളും പ്രവർത്തിക്കുന്നു.

(ബി) 52 എണ്ണം.

(സി) പ്രത്യേകമായി തരം തിരിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ അധീനതയിലുള്ള ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം

34 [3896] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഫോറസ്റ്റ് ഡിവിഷനുകീഴിൽ 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ കാസർഗോഡ്, കാഞ്ഞങ്ങാട് റേഞ്ചുകളിൽ നടന്നിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തികളെ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മേൽ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തിരമായ ജോലികളുടെ ബാഹുല്യം നിമിത്തം ഇതേവരെ അന്വേഷണം നടത്താൻ സാധിച്ചിട്ടില്ല. താമസിയാതെ അന്വേഷിക്കുന്നതാണ്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനയിലൂടെയുള്ള വരുമാനം

35 [3897] *ശ്രീ. ഡി. സുഗതൻ:*
,, *ഇ. എം. അഗസ്തി:*
,, *വി. ഡി. സതീശൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ 2004 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിറ്റിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly